Draft #11 of File 145680/CBCSS 12-2/2024/CBCSS 12 Approved by CONTROLLER OF EXAMINATIONS on 21-Mar-2025 05:08 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.145680/CBCSS 12-2/2024/CBCSS 12 തീയതി: 21.03.2025

**<u>വിജ്ഞാപനം</u>**

പരാമർശം (1) : 145680/CBCSS 12-2/2024/CBCSS 12, തീയതി 21.12.2024.
(2) : 145680/CBCSS 12-2/2024/CBCSS 12, തീയതി 24.01.2025.

ഒന്നാം സെമസ്റ്റർ MGU - UGP (Honours) (BBA/BCA ഒഴികെ) നവംബർ 2024 പരീക്ഷയുടെ ഫലം പരാമർശം (1) പ്രകാരം 21/12/2024 തീയതിയിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന്, ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പ് (E-Copy) ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് തങ്ങളുടെ സ്റ്റുഡൻറ് പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ സ്ക്രൂട്ടിനി, പുനർമൂല്യനിർണ്ണയം എന്നിവയ്ക്ക് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ എന്നും പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. **ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പിനായി (E-Copy) അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ആയത് തങ്ങളുടെ സ്റ്റുഡൻറ് പ്രൊഫൈലിൽ (edp.mgu.ac.in) ലഭ്യമാണ്.**

പ്രസ്തുത പരീക്ഷയുടെ ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം (Revaluation) നടത്തുവാൻ താല്പര്യപ്പെടുന്ന വിദ്യാർത്ഥികൾ ഒരു പേപ്പറിന് Revaluation fee Rs.435/-(രൂപ നാനൂറ്റി മുപ്പത്തിയഞ്ച് മാത്രം) നിരക്കിൽ ഫീസൊടുക്കി **31.03.2025** തീയതിയിലോ അതിന് മുൻപായോ ഹോണേഴ്സ് ബിരുദ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള സ്റ്റുഡൻറ് പ്രൊഫൈൽ (edp.mgu.ac.in) മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പ് (E-Copy) പരിശോധിച്ച വിദ്യാർത്ഥികൾക്ക് എന്തെങ്കിലും പരാതികൾ ഉള്ളപക്ഷം സൂക്ഷ്മ പരിശോധന (Scrutiny) നടത്തുന്നതിന് ഒരു പേപ്പറിന് Scrutiny fee Rs.150/-(രൂപ നൂറ്റിഅൻപത് മാത്രം) നിരക്കിൽ ഫീസൊടുക്കി **31.03.2025** തീയതിയിലോ അതിന് മുൻപായോ ഹോണേഴ്സ് ബിരുദ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള സ്റ്റുഡൻറ് പ്രൊഫൈൽ (edp.mgu.ac.in) മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരാതി സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

**വിവിധ വിഷയങ്ങളുടെ പുനർമൂല്യനിർണ്ണയം, സൂക്ഷ്മ പരിശോധന എന്നിവ ആവശ്യമുള്ള വിദ്യാർത്ഥികൾ എല്ലാ സേവനങ്ങളും ഒരുമിച്ച് സെലക്ട് ചെയ്ത് അപേക്ഷിക്കേണ്ടതാണ്. ഒരിക്കൽ പുനർമൂല്യനിർണ്ണയം/സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ ഓൺലൈനായി സമർപ്പിച്ച് കഴിഞ്ഞാൽ പിന്നീട് പ്രസ്തുത വിഷയത്തിന്റെയോ മറ്റ് വിഷയങ്ങളുടെയോ പുനർമൂല്യനിർണ്ണയം/സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയില്ല.** ഒരിക്കൽ സമർപ്പിച്ച അപേക്ഷ എഡിറ്റ് ചെയ്യാനോ വീണ്ടും സമർപ്പിക്കാനോ സാധിക്കില്ല.

**ഡോ. ശ്രീജിത്ത് സി എം**

പരീക്ഷാ കൺട്രോളർ

പകർപ്പ്:

1. വൈസ് ചാൻസലറുടെ പി.എസ്.
2. പരീക്ഷ കൺട്രോളറുടെ/രജിസ്ട്രാറുടെ പി എ മാർ
3. ജോയിന്റ് രജിസ്ട്രാർ I/IV (പരീക്ഷ)
4. ഡെപ്യൂട്ടി രജിസ്ട്രാർ IV/VII/VIII/IX (പരീക്ഷ)
5. അസിസ്റ്റന്റ് രജിസ്ട്രാർ I/II/XVIII/XIX/XXI/XXIII (പരീക്ഷ)/ AR VII (ഭരണം)
6. ഇ.ജെ 4/9/11/7, ഇ എൻ 8/ 15
7. പി.ആർ.ഒ / സി ഇ സെക്ഷൻ 2 എക്സാം മോണിറ്ററിംഗ്
8.UNIVERSITY WEBSITE /Web Upload/IT Cell 2
9. ഫ്രണ്ട് ഓഫീസ്
10. ഇ.എ 1/ ഇ.എ 2/ പി ഡി 6
11. ഫയൽ കോപ്പി
12. അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ.

Draft #11 of File 145680/CBCSS 12-2/2024/CBCSS 12 Approved by CONTROLLER OF EXAMINATIONS on 21-Mar-2025 05:08 PM - Page 2